**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2771** — **06-10-2025 - ൽ മറുപടിയ്ക്ക്**

**സോളാർ വൈദ്യുതി ഉല്പാദകർക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സോളാർ ഉൾപ്പെടെയുള്ള പുനരുപയോഗ വൈദ്യുതി ഉല്പാദകർക്കുള്ള ആനുകൂല്യങ്ങൾ കുറയ്ക്കുന്നതിനായുള്ള പുതിയ ചട്ടം രൂപീകരിക്കുന്നതിന് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇല്ല. |
| (ബി) | പ്രസ്തുത ആനുകൂല്യങ്ങൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഓൺലൈനായി നടത്തിയ പൊതു തെളിവെടുപ്പ് സംബന്ധിച്ച് ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഡൊമസ്റ്റിക്ക് ഓൺഗ്രിഡ് സോളാർ പ്രൊസ്യൂമേഴ്സ് ഫോറം കരട് റഗുലേഷനുകളുടെ പൊതു ഹിയറിംഗ് ഹൈബ്രിഡ് രീതിയിൽ നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് 2025 ജൂലൈ 8-ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പി.ഐ.എൽ. ഫയൽ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 2025 ജൂലൈ 28-ന് WP(PIL) No. 79 of 2025 ഉത്തരവ് പ്രകാരം കരട് കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (റിന്യൂവബിൾ എനർജി ആന്റ് റിലേറ്റഡ് മാറ്റേഴ്സ്) റഗുലേഷൻസ്, 2025- ലെ പൊതുതെളിവെടുപ്പ് ഓൺലൈൻ തെളിവെടുപ്പിനു പുറമേ കോഴിക്കോട്, പാലക്കാട്, എറണാകുളം, തിരുവനന്തപുരം എന്നീ നാല് സ്ഥലങ്ങളിൽ ഫിസിക്കൽ രീതിയിൽ നടത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഹൈക്കോടതി ഉത്തരവിനെതിരെ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അപ്പീൽ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഉണ്ട്. ഇലക്ട്രിസിറ്റി ആക്ട് 2003 അനുസരിച്ച് വൈദ്യുതി റഗുലേറ്ററി കമ്മീഷനുകൾ കരട് റഗുലേഷനുകൾ പ്രസിദ്ധീകരിക്കുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ ഇലക്ട്രിസിറ്റി (പ്രൊസീജ്യർ ഫോർ പ്രീവിയസ് പബ്ളിക്കേഷൻ) റൂൾസ് 2005-ൽ വ്യക്തമാക്കുന്നു. കെ.എസ്.ഇ.ആർ.സി. (കൺഡക്ട് ഓഫ് ബിസിനസ്സ്) റഗുലേഷൻസ്, 2003, ഇലക്ട്രിസിറ്റി (പ്രൊസീജ്യർ ഫോർ പ്രീവിയസ് പബ്ളിക്കേഷൻ) റൂൾസ് 2005 എന്നിവയിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ അനുസരിച്ചാണ് കമ്മീഷൻ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (റിന്യൂവബിൾ എനർജി ആൻറ് റിലേറ്റഡ് മാറ്റേഴ്സ്) |

| | | | |
|---|---|---|---|
| | | | റഗുലേഷൻസ്, 2025 - ന്റെ പൊതുതെളിവെടുപ്പുകൾ നടത്തിയിട്ടുള്ളത്. കൂടാതെ ഇപ്രകാരമുള്ള കരട് റഗുലേഷനുകളുടെ തെളിവെടുപ്പ് കമ്മീഷന്റെ കോർട്ട് ഹാളിൽ നേരിട്ടോ, ഹൈബ്രിഡ് രീതിയിലോ ആണ് പൊതുവെ നടത്തി വരാറുള്ളത്. കൂടാതെ രാജ്യത്തെ മറ്റു വൈദ്യുതി റഗുലേറ്ററി കമ്മീഷനുകളിൽ കരട് റഗുലേഷനുകളുടെ നടപടിക്രമങ്ങൾ പരിശോധിക്കുമ്പോൾ എല്ലായിടത്തും കമ്മീഷന്റെ ആസ്ഥാനത്തുള്ള കോർട്ട് ഹാളിൽ നേരിട്ടോ, ഹൈബ്രിഡ് രീതിയിലോ ആണ് നടത്തിവരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 2025 ജൂലൈ 28-ന് WP(PIL) No. 79 of 2025 ഉത്തരവിനെ തുടർന്ന് കമ്മീഷൻ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട് |
| (ഡി) | സോളാർ വൈദ്യുതി ഉല്പാദകരും ഫിക്സഡ് ചാർജ്ജ് നൽകണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ OP No.43/2025 എന്ന പെറ്റീഷനുമേൽ 22.09.2025-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം സോളാർ വൈദ്യുതി ഉൽപാദകരും ഫിക്സഡ് ചാർജ്ജ് നൽകേണ്ടതുണ്ട്.<br><br>ഗാർഹിക സോളാർ ഉപഭോക്താക്കളുടെ ഫിക്സഡ് ചാർജ്ജ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ കണക്കാക്കുന്നത് സംബന്ധിച്ച് തർക്കമുന്നയിച്ച് നൽകിയ പെറ്റീഷനിലാണ് തീർപ്പ് കൽപ്പിച്ച് റെഗുലേറ്റി കമ്മീഷൻ ഉത്തരവിറക്കിയത്. ആകെ കണക്റ്റഡ് ലോഡ് അല്ലെങ്കിൽ ഡിമാന്റിന്റെ അടിസ്ഥാനത്തിലാണ് ഉപഭോക്താക്കളുടെ ഫിക്സഡ് ചാർജ്ജ് തീരുമാനിക്കുന്നതെന്ന് കമ്മീഷൻ കണ്ടെത്തി. എന്നാൽ ഈ രീതി ഗാർഹിക ഉപഭോക്താക്കൾക്ക് പ്രായോഗികമല്ല എന്നും ഗാർഹിക ഉപഭോക്താക്കളുടെ ആകെ ഉപഭോഗം എന്നത് അവരുടെ ആകെ കണക്റ്റഡ് ലോഡിനെ പ്രതിഫലിപ്പിക്കുന്ന ഒന്നായതിനാൽ പ്രായോഗികത കണക്കിലെടുത്ത് ഫിക്സഡ് ചാർജ്ജ് കണക്കാക്കാൻ ആകെ ഉപഭോഗത്തെയാണ് അടിസ്ഥാനമാക്കേണ്ടതെന്നും കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചു. കൂടാതെ ആവശ്യപ്പെടുന്ന സോളാർ ഉപഭോക്താക്കൾക്ക് കിലോവാട്ടിന് പ്രതിമാസം 47/- രൂപ എന്ന നിരക്കിലും ഫിക്സഡ് ചാർജ്ജ് കണക്കാക്കി അടയ്ക്കാവുന്നതാണ് എന്നും ഉത്തരവിൽ സൂചിപ്പിക്കുന്നു |

സെക്ഷൻ ഓഫീസർ